പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1624      22.3.2013 ൽ മറുപടിയ്ക്ക്

## വികലാംഗരുടെ പരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.ആർ.സെൽവരാജ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) വികലാംഗരുടെ പരാതികൾ പരിഹരിക്കാൻ അദാലത്തുകൾ നടത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) അംഗപരിമിതരുടെ പരാതികൾ പരിഹരിക്കുവാൻ അദാലത്തുകൾ നടത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വികലാംഗക്ഷേമവുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ, സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, കെ.എസ്.ആർ.റ്റി.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അംഗപരിമിതർക്കായുള്ള വിവിധ സംഘടനകൾ തുടങ്ങിയവർ ഇതുമായി സഹകരിച്ചു വരുന്നു. |
| (സി) എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് അദാലത്തുകളിൽ കൂടി ഇവർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) അംഗപരിമിതരുടെ പരാതികൾ സ്വീകരിക്കുകയും വിവിധ വകുപ്പുകൾ മുഖേന തത്സമയം പരിഹരിക്കാൻ കഴിയുന്നവ പരിഹരിക്കുകയും ഇതര വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടവ അദാലത്തിൽ വച്ചുതന്നെ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്യുന്നു. വകുപ്പു തലത്തിൽ ഇതു സംബന്ധിച്ച തുടർ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (ഡി) എവിടെയൊക്കെയാണ് അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം അദാലത്തുകൾ സംഘടിപ്പിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

Elizabeth

സെക്ഷൻ ഓഫീസർ